No. A4/1277/13/SCL.

Office of the State Librarian
State Central Library
Thiruvananthapuram
Dated: 28/04/2018.

# Notice

It is decide to conduct "One- Time-Settlement" in State Central Library. As per the settlement it is a golden opportunity to the defaulters who are safing Revenue Recovery procedure.

All the defaulters of the State Central Library Thiruvananthapuram who are entitled to "One- Time-Settlement" may therefore return the books and periodicals, which are overdue and settle the matter in the State Central Library. The State Librarian after examining such requests will waive the cost of Library Books/Periodicals if returned in good condition and reduce 80% of overdue charges On Books & 95% on periodicals. The defaulters who loss the books/ periodicals will have the opportunity to submit new book. In the case of Books which are not available in the market the defaulters have to remit the price fixed by the State Librarian. The revenue authorities will be informed of the "One- Time-Settlement" of such cases and all the Revenue Recovery Proceedings will be subsequently withdrawn. The defaulters who wish to avoid Revenue Recovery proceedings and settle the matter on "One- Time-Settlement" basis may apply to the State Librarian in writing with details without delay.

All the members of the State Central Library are request to make use of this opportunity to settle their overdue cases from January 01, 2005 to 2014 December 31 in the State Central Library, Thiruvananthapuram itself to avoid further difficulties on account of Revenue Recovery Proceedings.

"One- Time-Settlement" Scheme will be available to the defaulters supra on all working days except Sunday from 19/06/2018 to 19/08/2018 (10.A.M to 5.00 P.M). The requests received after the above stipulated period will not be considered on any account.

THIRUVANANTHAPURAM * STATE CEN

SOBHANA. P.K
State Librarian
State Central Library
(Dept. of Higher Education)
Government of Kerala
Thiruvananthapuram-33 Tel No. 2322895
Email: slscl@statelibrary.kerala.gov.in

State Librarian

നം.എ4/1277/13/എസ്.സി.എൽ

സ്റ്റേറ്റ് ലൈബ്രേറിയന്റെ കാര്യാലയം
സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി
തിരുവനന്തപുരം
തീയതി. 28/04/2018

## നോട്ടീസ്

വർഷങ്ങളായി സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ വളരെയധികം പുസ്തകങ്ങളും/ആനുകാലികങ്ങളും അംഗങ്ങൾ യഥാസമയം തിരികെ നൽകാത്തത് ലൈബ്രറിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. മാത്രവുമല്ല വലിയൊരു സംഖ്യ പിഴയിനത്തിൽ കുടിശ്ശികയാവുകയും ആയത് യഥാസമയം ഒടുക്കാത്തതുമൂലം റവന്യു റിക്കവറി നടപടികൾ വരെ സ്വീകരിക്കേണ്ടിയുംവരുന്നു. ആയതിനാൽ പിഴസംഖ്യയിൽ ആകർഷകമായ ഇളവുകൾ അനുവദിച്ചുകൊണ്ട് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കുന്നു. ഇതു വഴി റവന്യൂ റിക്കവറി നടപടികളിൽനിന്നും ഒഴിവാകുന്നതിനുള്ള സുവർണ്ണാവസരമാണ് ലൈബ്രറി അംഗങ്ങൾക്കു ലഭ്യമാകുന്നത്.

'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' പ്രകാരം തങ്ങളുടെ കൈവശമുള്ള സമയപരിധി കഴിഞ്ഞ ലൈബ്രറി പുസ്തകങ്ങളും ആനുകാലികങ്ങളും അംഗങ്ങൾ തിരിച്ച് ഏൽപ്പിച്ച് പിഴയിനത്തിൽ ഇളവുകൾ നേടാവുന്നതാണ്. **ഓവർഡ്യു ഇനത്തിൽ ചാർജ്ജു ചെയ്തിട്ടുള്ള പിഴയിൽ പുസ്തകത്തിന് 80% ഉം മാഗസീന് 95%ഉം ഇളവുകൾ നൽകുന്നതായിരിക്കും.** നഷ്ടപ്പെട്ട പുസ്തകത്തിനു പകരം പുതിയ പുസ്തകങ്ങൾ വാങ്ങിനൽകുന്നതിനുള്ള അവസരവുമുണ്ടായിരിക്കുന്നതാണ്. എന്നാൽ വിപണിയിൽ ലഭ്യമല്ലാത്ത പുസ്തകങ്ങൾ/ ആനുകാലികങ്ങൾ എന്നിവയ്ക്ക് സ്റ്റേറ്റ് ലൈബ്രേറിയൻ നിശ്ചയിക്കുന്ന തുക അടക്കേണ്ടതാണ്. റവന്യു റിക്കവറി നടപടികൾ നേരിടുന്നവർക്ക് പ്രസ്തുത പദ്ധതി പ്രകാരം പിഴഒടുക്കി കേസുകൾ തീർപ്പാക്കാവുന്നതാണ്. അത്തരം കേസുകളിൻമേൽ റവന്യു റിക്കവറി നടപടികൾ പിൻവലിക്കുന്നതിനും റവന്യു അധികാരികൾക്ക് അറിയിപ്പ് നൽകുന്നതുമുൾപ്പെടെയുള്ള തുടർ നടപടികൾ സ്റ്റേറ്റ് ലൈബ്രേറിയൻ സ്വീകരിക്കുന്നതാണ്.

2018 ജൂൺ 19 മുതൽ ആഗസ്റ്റ് 19 വരെ (ഞായറാഴ്ച്ച ഒഴികെ) രാവിലെ 10.00 മണി മുതൽ വൈകിട്ട് 5.00 മണി വരെയാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാവുക. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ 2005 ജനുവരി 01 മുതൽ 2014 ഡിസംബർ 31 വരെയുള്ള കാലയളവിൽ കുടിശ്ശിക വരുത്തിയിട്ടുള്ള അംഗങ്ങൾ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും മറ്റു നിയമ നടപടികളിൽ നിന്നും ഒഴിവാകുന്നതിനും എല്ലാ അംഗങ്ങളോടും അഭ്യർത്ഥിക്കുന്നു.

സ്റ്റേറ്റ് ലൈബ്രേറിയൻ

SOBHANA. PK
State Librarian
State Central Library
(Dept. of Higher Education)
Government of Kerala
Thiruvananthapuram-33 Tel No. 2322895
Email: slscl@statelibrary.kerala.gov.in

STATE CENTRAL LIBRARY * THIRUVANANTHAPURAM * KERALA

എല്ലാ കുടിശ്ശികക്കാരായ അംഗങ്ങളുടെയും അറിവിലേയ്ക്ക്
നോട്ടീസ് ബോർഡ്